**Syro-Malabar Eparchy of St Thomas the Apostle, Melbourne**
6 Greenock Court, Greenvale,
Victoria 3059, Australia
Phone: +61 (03) 8313 3678
bishop.melbourne@syromalabar.org.au
www.syromalabar.org.au

Prot.No.MPL: 106/20/50

# ഇടയലേഖനം

## ''പരിശുദ്ധ ജപമാല രാജ്ഞീ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ!''

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

ജപമാലരാജ്ഞിയായ പരിശുദ്ധ അമ്മയെ നാം സവിശേഷമായി വിളിച്ചപേക്ഷിച്ചുകൊണ്ട്, വ്യക്തിപരമായും കുടുംബത്തിലും കുടുംബകൂട്ടായ്മയിലും ഇടവകാസമൂഹത്തിലും കൊന്തചൊല്ലി തീവ്രമായി പ്രാർത്ഥിക്കുന്ന ദൈവകൃപയുടെ പ്രത്യേക അവസരമാണല്ലോ ഒക്ടോബർ മാസം. ഒക്ടോബർ ജപമാല മാസമായി പ്രഖ്യാപിച്ച ലെയോ പതിമൂന്നാമൻ മാർപാപ്പ 1883–ലാണ് ''പരിശുദ്ധ ജപമാല രാജ്ഞീ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ'' എന്ന അപേക്ഷ ലുത്തിനിയയിൽ കൂട്ടിചേർത്തത്.

ദൈവമാതാവ് വിശുദ്ധ ദൊമിനിക്കിന് പ്രത്യക്ഷപ്പെട്ട് അനുശാസിച്ചതനുസരിച്ചാണ് ജപമാലഭക്തി സഭയിൽ ആരംഭിച്ചത്. 1569–ൽ പിയൂസ് അഞ്ചാമൻ പാപ്പ കത്തോലിക്കാ സഭയിൽ അംഗീകരിക്കപ്പെട്ട പ്രാർത്ഥനയായി ജപമാലയെ പ്രഖ്യാപിച്ചു. ദൈവവചനാധിഷ്ഠിതമായ പ്രാർത്ഥനകളുടെയും യാചനകളുടെയും ധ്യാനത്തിന്റെയും സ്തുതിപ്പിന്റെയും ലളിതസുന്ദരമായ ശ്രംഖലയാണ് ജപമാല. ഏവർക്കും അഭികാമ്യവും ഭക്തിജനകവും ലളിതവുമായ പ്രാർത്ഥന!

പരിശുദ്ധ മറിയത്തിന്റെ സങ്കീർത്തനമാലയെന്നാണ് പിയൂസ് അഞ്ചാമൻ പാപ്പ ജപമാലയെ വിശേഷിപ്പിക്കുന്നത്. ദാവീദിന്റെ സങ്കീർത്തനങ്ങൾപോലെ, ആവർത്തനംകൊണ്ട്, പരിശുദ്ധ മറിയത്തോടൊപ്പമുള്ള ദൈവസ്തുതിപ്പാണത്. അതിൽ സന്തോഷത്തിന്റെയും പ്രകാശത്തിന്റെയും ദുഃഖത്തിന്റെയും മഹിമയുടെയും രക്ഷാകരരഹസ്യങ്ങളുടെ ധ്യാനമുണ്ട്, കർതൃപ്രാർത്ഥനയുണ്ട്, മാതൃസ്തവമുണ്ട്, ത്രിത്വസ്തുതിയുണ്ട്, മദ്ധ്യസ്ഥപ്രാർത്ഥനയുണ്ട്.

ലെയോ പതിമൂന്നാമൻ മുതൽ എല്ലാ മാർപാപ്പമാരും ഒക്ടോബർ മാസത്തിൽ ജപമാല ഭക്തി പ്രചരിപ്പിക്കാൻ അതീവതാല്പര്യം കാണിച്ചിട്ടുണ്ട്. പ്രത്യേകിച്ച്, പഞ്ഞം, പട, വസന്ത, മൂലം മനുഷ്യസമൂഹം ആകുലപ്പെട്ടിരുന്നപ്പോഴും ലോകത്ത് ധാർമ്മികാധപതനങ്ങൾ സംഭവിച്ചപ്പോഴും സഭക്കും വിശ്വാസത്തിനും വിവിധതരത്തിലുള്ള ഭീഷണികൾ നേരിട്ടപ്പോഴും ദൈവജനം അതിതീക്ഷ്ണതയോടെ പരിശുദ്ധ അമ്മയെ വിളിച്ചപേക്ഷിച്ചിട്ടുണ്ട്. അപ്പോഴൊക്കെ ദൈവമാതാവ് അത്ഭുതകരമായി ഇടപെട്ടിട്ടുമുണ്ട്.

1981 മെയ് 13–ാം തിയതി, ഫാത്തിമാ മാതാവിന്റെ തിരുന്നാൾ ദിവസം അത്തരമൊരു ദൈവികഇടപെടലിനു ദൃക്സാക്ഷിയാകാൻ കർത്താവ് എനിക്കു കൃപ നല്കി. അന്നാണ് വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പക്ക് നേരെ അഹമ്മദ് അലി അഗ്കാ വെടിവെച്ചത്. അന്ന് പത്രോസിന്റെ ബസിലിക്കയുടെ അങ്കണത്തിൽ നടന്ന ആ സംഭവത്തിന് ഞാനും സാക്ഷിയായിരുന്നു. വെടികൊണ്ട് മാർപാപ്പ വീണ അവസരത്തിൽ ജനക്കൂട്ടത്തിൽ നിന്നൊരു യുവതി കൊന്തയുയർത്തിപ്പിടിച്ച് ''ഇതാണ് നമ്മുടെ ആയുധം; നമുക്ക് പരിശുദ്ധ പിതാവിനുവേണ്ടി പ്രാർത്ഥിക്കാം'' എന്നാഹ്വാനം ചെയ്തുകൊണ്ട്, ഉച്ചത്തിൽ ജപമാല ആരംഭിച്ചപ്പോൾ, അവിടെ കൂടിയിരുന്ന പതിനായിരക്കണക്കിനു വിശ്വാസികൾ കൊന്തചൊല്ലി പരിശുദ്ധ പിതാവിനുവേണ്ടി പ്രാർത്ഥിച്ചു. ആ മാരകവിപത്തിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പ അടുത്ത വർഷം മെയ് 13 ന് ഫാത്തിമാ മാതാവിന്റെ തിരുന്നാൾ ദിനം ഫാത്തിമായിൽ പോയി, പരിശുദ്ധ അമ്മയോടുള്ള നന്ദി സൂചകമായി, തന്റെ ശരീരത്തിൽ നിന്നെടുത്ത ബുള്ളറ്റ് മാതാവിന്റെ കിരീടത്തിൽ സ്ഥാപിച്ചു.

എളിയവനായ എനിക്ക് പരിശുദ്ധ അമ്മയോടുള്ള ഭക്തിയിൽ വളരാൻ ഇത് വലിയൊരു പ്രചോദനമായി.

പ്രിയപ്പെട്ടവരേ, കൊന്തനമസ്കാരം, ആവർത്തിച്ചുള്ള വെറും ഉരുവിടലിനപ്പുറം ഹൃദയത്തിൽ നിന്നുയരുന്ന പ്രാർത്ഥനയാക്കി മാറ്റാൻ നമുക്ക് സാധിക്കണം. സജീവമായ കുടുംബപ്രാർത്ഥനയിലൂടെ ഈ അനുഭവം നമ്മുടെ മക്കളിലേക്ക് കൈമാറാൻ നാം ശ്രമിക്കണം. നമ്മുടെ സഭയുടെ മകളായ വിശുദ്ധ എവുപ്രാസ്യമ്മയുടെ കൊച്ചുനാളിലെ ഒരു സംഭവം ശ്രദ്ധേയമാണ്. കുടുംബപ്രാർത്ഥനക്കിടയിൽ മാതാവിന്റെ ലുത്തിനിയയിലെ 'മാലാഖമാരുടെ രാജ്ഞീ' എന്ന അഭിസംബോധന എന്താണെന്ന് മനസിലാകാതിരുന്ന കൊച്ചു എവുപ്രാസ്യ തന്റെ അമ്മയോടു ചോദിച്ചു: ''ആരാണമ്മേ, ഈ മാലാഖമാരുടെ രാജ്ഞി?'' മരിയാഭക്തയായിരുന്ന അവളുടെ അമ്മ ലളിതമായ രീതിയിൽ സ്വർഗത്തെക്കുറിച്ചും മാലാഖമാരെപ്പറ്റിയും സ്വർഗീയരാജ്ഞിയായ പരിശുദ്ധ അമ്മയെപ്പറ്റിയും അവൾക്ക് വിശദീകരിച്ചുകൊടുത്തുകൊണ്ട് പറഞ്ഞു, 'നന്നായി നീ പ്രാർത്ഥിച്ചാൽ, മാതാവു തന്നെ കൂടുതൽ കാര്യങ്ങൾ നിനക്കു മനസിലാക്കിതരും'.

നന്നായി പ്രാർത്ഥിച്ച് ജപമാല ചൊല്ലുമ്പോൾ മൂന്നുകാര്യങ്ങൾ സംഭവിക്കുന്നു: ഒന്നാമതായി, നാം ചൊല്ലുന്ന രക്ഷാകരരഹസ്യങ്ങളിലെ വിശ്വാസസത്യങ്ങളുടെ അർത്ഥവും ഐക്യവും അനുഭവവും ധ്യാനാത്മകപ്രാർത്ഥനയായി നമ്മിലേക്ക് ആഴ്ന്നിറങ്ങുന്നു. ഇങ്ങനെ നാം ധ്യാനിക്കുമ്പോൾ, ദൈവപുത്രനും മറിയത്തിന്റെ പുത്രനുമായ ഈശോയുടെ ചിന്തകളോടും വികാരങ്ങളോടും പ്രബോധനങ്ങളോടും നാം കൂടുതൽ ഐക്യപ്പെടുന്നു.

രണ്ടാമതായി, ഈ ധ്യാനചിന്തയിൽ നിന്ന് പരിശുദ്ധാത്മാവിന്റെ പ്രകാശനം വഴി നമ്മുടെ ജീവിത സാഹചര്യങ്ങളിൽ നമ്മെ മാനസാന്തരത്തിലേക്ക് നയിക്കുന്ന വിചിന്തനവും പ്രബോധനവും നമുക്കുണ്ടാകുന്നു. നാം ധ്യാനിക്കുന്ന രക്ഷാകരസംഭവങ്ങളിലൂടെ വചന പ്രബോധനവും, നമ്മുടെ ജീവിതസാഹചര്യങ്ങളെ ദൈവകൃപയുടെ വെളിച്ചത്തിൽ വിലയിരുത്തി, മാനസാന്തരത്തിനായുള്ള ആഹ്വാനവും പരിശുദ്ധാത്മാവ് നമ്മിലേക്ക് ചൊരിയുന്നു.

മൂന്നാമതായി, നാം അപേക്ഷിക്കാൻ ആഗ്രഹിക്കുന്ന പ്രത്യേക നിയോഗങ്ങളിലൂടെ ജപമാല സവിശേഷമായ മദ്ധ്യസ്ഥപ്രാർത്ഥനയായിതീരുന്നു. വ്യക്തികൾക്കും സമൂഹങ്ങൾക്കും സ്ഥാപനങ്ങൾക്കും പ്രത്യേകനിയോഗങ്ങൾക്കും വേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥനക്കുള്ള ഫലവത്തായ വേദിയാണ് ജപമാല. നമ്മുടെ പ്രാർത്ഥനാ സഹായം യാചിക്കുന്നവരും നമ്മുടെ പ്രാർത്ഥന ആവശ്യമുള്ളവരും നമുക്കു ചുറ്റും നിരവധിയാണ് - ആത്മീയവും മാനസികവും ശാരീരകവുമായ പീഡകളിൽ നിന്ന് മോചനത്തിനായി ദാഹിക്കുന്നവർ, കൂടുതൽ സ്നേഹത്തിനായി കാത്തിരിക്കുന്ന നമ്മുടെ കുടുംബാംഗങ്ങൾ, കൂടുതൽ ഐക്യത്തിനും ഒരുമക്കുമായി കൊതിക്കുന്ന നമ്മുടെ ഇടവകജനം. ഇവരെയും ഇവരുടെ സന്തോഷ-സന്താപങ്ങളെയും നമ്മുടെ ഹൃദയത്തിൽ ചേർത്തുവെച്ച്, ജപമാലചൊല്ലി, പരിശുദ്ധ അമ്മയുടെ വിമലഹൃദയം വഴി, പരമപരിശുദ്ധനായ ദൈവസമക്ഷം നാം സമർപ്പിക്കുമ്പോൾ, കാനായിലെ കല്യാണ വിരുന്നിൽ സംഭവിച്ചപോലെ, മാതാവിനോട് ചേർന്ന് ലോകം മുഴുവനുംവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കാൻ നമുക്ക് ദൈവകൃപ ലഭിക്കും.

പ്രിയ സഹോദരീ സഹോദരന്മാരേ, സമൂഹവും സഭയും ഇന്ന് ഏറെ പ്രയാസങ്ങളിലൂടെയും പ്രതിസന്ധികളിലൂടെയും കടന്നു പോകുകയാണല്ലോ. ലോകജനത കോറോണ അണുബാധയുടെ അതിരൂക്ഷമായ ഭീഷണിയെ നേരിടുന്ന ഈ അടിയന്തിരാവസ്ഥയിൽ ജപമാല രാജ്ഞിയായ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം നമുക്ക് വിളിച്ചപേക്ഷിക്കാം. സാമൂഹിക അനീതികളും ഉച്ചനീചത്വങ്ങളുംകൊണ്ട് പൊറുതിമുട്ടിയ പട്ടിണി പാവങ്ങളും അഭയാർത്ഥികളും കൂടിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ പരിശുദ്ധ അമ്മ തന്നെ അവരുടെ സഹായത്തിനെത്തട്ടെ! ലോകത്ത് നീതിയും സമാധാനവും സന്തോഷവും പുലരട്ടെ.

വിശ്വാസ-ധാർമ്മികമേഖലകളിൽ സഭാമക്കൾ അതിരൂക്ഷമായ വെല്ലുവിളികൾ നേരിടുന്ന ഈ സാഹചര്യത്തിൽ ആദിമസഭയിൽ ശിഷ്യസമൂഹത്തിന് ആത്മധൈര്യം നൽകിയ അമ്മ തന്നെ നമുക്ക് തുണയായിരിക്കട്ടെ. പരിപാവനമായ മനുഷ്യജീവന് അതിന്റെ ആദ്യനിമിഷം മുതൽ അന്ത്യനിമിഷം വരെ മാരകമായ ഭീഷണി നേരിടുന്ന ഇന്നത്തെ മരണസംസ്കാരത്തിൽ ജീവന്റെ സംസ്കാരത്തിന്റെ സജീവസാക്ഷികളാകാൻ അമ്മ നമ്മെ പ്രാപ്തരാക്കട്ടെ. പൊതുസമൂഹത്തിൽ സത്യദൈവവിശ്വാസത്തെയും പരിശുദ്ധ കുർബാനയെയും അവഹേളിക്കുന്ന

സാത്താൻസേവ പ്രചരിക്കുകയും കത്തോലിക്കാസഭയുടെ പരമപരിശുദ്ധയായ കൂദാശകളുടെ പരിപാവനതയും രഹസ്യാത്മകതയും കാത്തുസൂക്ഷിക്കുന്നതിന് നയ്യാമിക തടസം നേരിടുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ സഭയുടെ അമ്മയായ ദൈവമാതാവിനോട് നമുക്ക് മുട്ടിപ്പായി അപേക്ഷിക്കാം. ജപമാല കാലഹരണപ്പെട്ട പഴഞ്ചൻ പ്രാർത്ഥനാരൂപമാണെന്നു കളിയാക്കുന്ന പുച്ഛഭാവം കത്തോലിക്കർക്കിടയിൽപോലും പരസ്യമായി പ്രകടമാകുന്ന ഈ കാലഘട്ടത്തിൽ, പരിശുദ്ധ അമ്മയുടെ ജപമാലഭക്തരായ ധീരപടയാളികളാകാൻ നമുക്ക് സാധിക്കട്ടെ.

ജപമാല തിന്മക്കെതിരായ അതിസുന്ദരമായ ഒറ്റമൂലിയാണെന്നും (ലെയോ പതിമൂന്നാമൻ), ഭക്തിയോടെ ജപമാല ചൊല്ലുന്നിടത്ത് സമാധാനം നിലനില്ക്കുമെന്നും അത് പൈശാചിക ശക്തികൾക്കെതിരെ ശക്തമായ ആയുധമാണെന്നും (പിയൂസ് പതിനൊന്നാമൻ) അത് ക്രൈസ്തവന്റെ സമഗ്രമായ പ്രാർത്ഥനയാണെന്നും (പിയൂസ് പന്ത്രണ്ടാമൻ), ജപമാല തന്റെ ഏറ്റവും പ്രിയപ്പെട്ട പ്രാർത്ഥനയാണെന്നും (ജോൺ പോൾ രണ്ടാമൻ) ഉള്ള മാർപാപ്പമാരുടെ പ്രഖ്യാപനങ്ങൾ നമുക്ക് പ്രചോദനമാകട്ടെ.

കൊന്തയുടെ സമാപനത്തിൽ നാം ചൊല്ലുന്ന പരിശുദ്ധ കന്യാകാമറിയത്തിന്റെ ലുത്തിനിയയുടെ ആരംഭം 1531–ൽ ലൊരേറ്റോയിലെ മാതാവിന്റെ ദൈവാലയത്തിൽ നിന്നാണ്. 1587–ൽ സിക്സ്റ്റസ് അഞ്ചാമൻ മാർപാപ്പയാണ് ഈ ലുത്തിനിയ ഔദ്യോഗികമായി അംഗീകരിച്ചത്. കാലാകാലങ്ങളിൽ മാർപാപ്പമാർ പ്രസക്തമായ അഭിസംബോധനകൾ ലുത്തിനിയയിൽ കൂട്ടി ചേർത്തിട്ടുണ്ട്. ജോൺ പോൾ രണ്ടാമൻ പാപ്പ 1980–ൽ ''സഭയുടെ മാതാവേ'' എന്നും 1995–ൽ ''കുടുംബങ്ങളുടെ രാജ്ഞീ'' എന്നും കൂട്ടിചേർത്തു. ഫ്രാൻസീസ് മാർപാപ്പ 2020–ൽ ''കരുണയുടെ മാതാവേ'', ''പ്രത്യാശയുടെ മാതാവേ'', ''കുടിയേറ്റക്കാരുടെ ആശ്വാസമേ'', എന്നീ മൂന്ന് അപദാനങ്ങൾ ലുത്തിനിയയിൽ ഉൾപ്പെടുത്തുകയുണ്ടായി.

ജപമാല ഒരു ധ്യാനമാർഗം മാത്രമല്ല, നാം ജീവിക്കേണ്ട കർമ്മമാർഗംകൂടിയാണ്. ജപമാലയിലെ രഹസ്യങ്ങളും പ്രാർത്ഥനകളും ലുത്തിനിയയും ഒരു പ്രാർത്ഥനരീതി എന്നതിനേക്കാൾ പരിശുദ്ധ അമ്മയോടൊപ്പം ജീവിതത്തിൽ നാം അനുവർത്തിക്കേണ്ട സുകൃതങ്ങളുടെ തിരിച്ചറിവു കൂടിയാകണം. മരിയഭക്തരായ നമ്മൾ കൂടുതൽ കരുണയും കരുതലുമുള്ളവരാകാൻ, നിരാശർക്ക് കൂടുതൽ പ്രത്യാശ പകരാൻ, ആലംബഹീനർക്ക് ആശ്വാസത്തിന്റെ അത്താണിയാകാൻ ദൈവം നമുക്ക് കൃപ നല്കട്ടെ. നാം ജപമാല ചൊല്ലുന്നവർ മാത്രമാകാതെ, ജപമാല ജീവിക്കുന്നവരാകാൻ പരിശുദ്ധ അമ്മ നമ്മെ സഹായിക്കട്ടെ.

നമ്മുടെ രൂപതയിലെ ദൈവജനത്തിനു മുഴുവൻ ആധ്യാത്മീക ജീവിതത്തിന്റെ ആശാകേന്ദ്രമാകാനും ധ്യാനത്തിനും പ്രാർത്ഥനക്കും തീർത്ഥാടനത്തിനും ഒരുമിച്ചുകൂടാനും ഉതകുന്ന ഒരു മരിയൻ തീർത്ഥകേന്ദ്രമെന്ന നമ്മുടെ സ്വപ്നം ദൈവകൃപയാൽ യാഥാർത്ഥ്യമാകാൻ നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും ഞാൻ അഭ്യർത്ഥിക്കുന്നു.

ആസന്നമായ ഒക്ടോബർ മാസം അതിതീക്ഷ്ണമായി ജപമാല ഭക്തിയിൽ വളരാൻ എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. ഓരോ സ്ഥലത്തെയും സാഹചര്യമനുസരിച്ച് അതിന് ഉചിതമായ നേതൃത്വം കൊടുക്കാൻ ബഹുമാന അച്ചന്മാരെ ഞാൻ ചുമതലപ്പെടുത്തുന്നു.

മിശിഹായിൽ സ്നേഹത്തോടെ,

നിങ്ങളുടെ പിതാവ്

**+ ബോസ്കോ പുത്തൂർ** 2020 സെപ്റ്റംബർ 14

വിശുദ്ധ കുരിശിന്റെ പുകഴ്ച

NB: 2020 സെപ്റ്റംബർ 20 (ഞായർ) ഈ ഇടയലേഖനം പള്ളികളിൽ വായിക്കുകയും ജനങ്ങളുടെ അറിവിനായി പ്രസിദ്ധീകരിക്കുകയും വേണം.